**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 159** **20-01-2021 - ൽ മറുപടിയ്ക്ക്**

**നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റ നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി .ടി .എ . റഹീം ,<br>ശ്രീ. രാജു എബ്രഹാം,<br>ശ്രീ കെ. കുഞ്ഞിരാമൻ,<br>ശ്രീ. മുരളി പെരുനെല്ലി | | **Shri P. Thilothaman**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിച്ചുനിർത്തുന്നതിനായി പൊതുവിതരണരംഗം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള നൂതനപദ്ധതികൾ എന്തെല്ലാമാണ്; | (എ) | ഇ-ടെണ്ടർ, ഇ-ഓക്ഷൻ എന്നീ രീതികളിലൂടെ അവശ്യ സാധനങ്ങൾ വാങ്ങുന്നതിലൂടെ സാധനങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുക, പൊതുവിപണിയിലേതിനെക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ 14 ഇനം സബ്സിഡി സാധനങ്ങൾ നല്കുന്നതിലൂടെ വിപണിയിലെ ഏറ്റവും കുറഞ്ഞ വില ഉറപ്പ് വരുത്തുക, പുതിയ വില്പനശാലകൾ അനുവദിച്ചും നിലവിലുള്ളവ നവീകരിച്ചും വിപണന ശൃംഖല വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, ശബരി ബ്രാൻഡിലുള്ള തേയില, സഹകരണ മേഖലയിലുള്ള റെയ്ഡ്കോ മുഖേന കറിപ്പൊടികളും മസാലപ്പൊടികളും സംസ്കരിച്ച് ശബരി ബ്രാൻഡ് ഉൽപ്പന്നങ്ങളുടെ വില്പന വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, 40 ശതമാനം വരെ വിലക്കുറവിൽ ഗൃഹോപകരണ വില്പന നടത്തുക, കേന്ദ്ര ഏജൻസികളിൽ നിന്ന് നേരിട്ട് പർച്ചേസ് നടത്തുക, സബ്സിഡി ദുരുപയോഗം തടയുന്നതിന് റേഷൻകാർഡ് ഡേറ്റാ ബേസ് അധിഷ്ഠിത വെബ് പോർട്ടൽ സംവിധാനം ഉപയോഗപ്പെടുത്തുക എന്നിവയാണ് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിച്ച നിർത്തുന്നതിനും പൊതുവിതരണ രംഗം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ. |
| (ബി) | റേഷൻ സാധനങ്ങളുടെ കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടഞ്ഞ് അവശ്യവസ്തുക്കളുടെ ലഭ്യതയും ന്യായവിലയും ഉറപ്പാക്കുന്നതിന് പൊതുവിപണിയിൽ എന്തെല്ലാം ശക്തമായ പരിശോധനകളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | റേഷൻ സാധനങ്ങളുടെ കരിഞ്ചന്തയും, പൂഴ്ത്തി വയ്പ്പും തടയുന്നതിന് ശക്തമായ ഒരു പരിശോധന സംവിധാനം വകുപ്പ് തലത്തിൽ ഉണ്ട്. റേഷനിംഗ് ഇൻസ്പെക്ടർമാർ, ജില്ലാ സപ്ലൈ ഓഫീസർമാർ, താലൂക്ക് സപ്ലൈ ഓഫീസർമാർ, ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ, വിജിലൻസ് ഓഫീസർ |

| | | | |
|---|---|---|---|
| | | | തുടങ്ങിയ ഉദ്യോഗസ്ഥർ റേഷൻ കടകളിലും ഗോഡൗണുകളിലും സപ്ലൈകോയുടെ പരിശോധന സംഘങ്ങൾ എൻ.എഫ്.എസ്.എ ഗോഡൗണുകളിലും പരിശോധനകൾ നടത്തി വരുന്നു. കൂടാതെ ഭക്ഷ്യ വകുപ്പിലെ ഉദ്യോഗസ്ഥരും പരിശോധനകൾ നടത്തി വരുന്നുണ്ട്. പരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം ദുരുപയോഗം ചെയ്ത റേഷൻ സാധനങ്ങളുടെ കമ്പോള വില ലൈസൻസികളിൽ നിന്നും ഈടാക്കുന്നതിനും ലൈസൻസ് റദ്ദ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇപ്രകാരം വകുപ്പിലെ ഉദ്യോഗസ്ഥർ നിരന്തരം പരിശോധന നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1966 ലെ KRO പ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. സിവിൽ സപ്ലൈസ് നടത്തുന്ന പരിശോധനകൾക്ക് പുറമേ ലീഗൽ മെട്രോളജി, റവന്യൂ എന്നീ വകുപ്പുകളുമായി ചേർന്നും പച്ചക്കറി മാർക്കറ്റുകളിൽ ഉൾപ്പെടെ പൊതു വിപണി പരിശോധനകളും നടത്തുന്നു. |

സെക്ഷൻ ഓഫീസർ